# വിജ്ഞാപനം

## തിരുവനന്തപുരം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലാ ഉപഭോക്തൃതർക്ക പരിഹാര ഫോറങ്ങളിലെ പ്രസിഡന്റ് നിയമനത്തിന് അപേക്ഷ ക്ഷണിക്കുന്നു.

തിരുവനന്തപുരം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലാ ഉപഭോക്തൃതർക്ക പരിഹാര ഫോറങ്ങളിൽ ഒഴിവുവരുന്ന പ്രസിഡന്റ് തസ്തികയിൽ നിയമനത്തിന് പരിഗണിയ്ക്കുന്നതിനായി **ജില്ലാ ജഡ്ജി/റിട്ടയർ ചെയ്ത ജില്ലാ ജഡ്ജി/ജില്ലാ ജഡ്ജിയായി നിയമിക്കാൻ യോഗ്യതയുള്ളവർ** എന്നിവരിൽ നിന്ന് അപേക്ഷ ക്ഷണിയ്ക്കുന്നു. നിയമന കാലാവധി 5 വർഷം വരെയോ, 65 വയസ് വരെയോ (ഏതാണോ ആദ്യം അതുവരെ) ആണ്. അപേക്ഷാ ഫോറത്തിന്റെ മാതൃക പൊതുവിതരണ വകുപ്പ് ഡയറക്ടറേറ്റിലും, സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മീഷനിലും, എല്ലാ ജില്ലാ കളക്ടറേറ്റുകളിലും, ജില്ലാ സപ്ലൈ ഓഫീസുകളിലും, ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലും, www.consumeraffairs.kerala.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

**ജില്ലാ ജഡ്ജി/റിട്ടയർ ചെയ്ത ജില്ലാ ജഡ്ജി** വിഭാഗത്തിൽപ്പെട്ട അപേക്ഷകർ അവരുടെ ബയോഡാറ്റ, സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ സഹിതം, നിശ്ചിത അപേക്ഷ ഫോറത്തിൽ കേരള ഹൈക്കോടതി രജിസ്ട്രാർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**ജില്ലാ ജഡ്ജിയായി നിയമിക്കാൻ യോഗ്യതയുള്ളവർ** എന്ന വിഭാഗത്തിൽപ്പെട്ട അപേക്ഷകർ അവരുടെ ബയോഡാറ്റ, സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ സഹിതം നിശ്ചിത അപേക്ഷ ഫോറത്തിൽ, 08-11-2019 ന് വൈകിട്ട് 5 മണിയ്ക്ക് മുൻപ് സെക്രട്ടറി, ഉപഭോക്തൃകാര്യ വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം എന്ന വിലാസത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. (ഓരോ ജില്ലയിലേയ്ക്കും പ്രത്യേകം അപേക്ഷ സമർപ്പിയ്ക്കേണ്ടതാണ്).

ഹൈക്കോടതി രജിസ്ട്രാറിൽനിന്നും, സർക്കാരിൽ നേരിട്ടും ലഭിയ്ക്കുന്ന അപേക്ഷകരിൽ നിന്ന് സർക്കാർ നിയമിക്കുന്ന സെലക്ഷൻ കമ്മിറ്റി നടത്തുന്ന അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ ആയിരിയ്ക്കും നിയമനം നടത്തുന്നത്. അഭിമുഖത്തിൽ പങ്കെടുക്കുന്നതിനായി അപേക്ഷകർക്ക് യാത്രാബത്തയോ മറ്റ് ചെലവുകളോ അനുവദിക്കുന്നതല്ല.

തിരുവനന്തപുരം,
09- 10- 2019.